## VIJNANABHAVAN - KOTHAMANGALAM
### SECOND SEMESTER EXAMINATION 2025 - 2026

**Std IX** — Time : 2 hrs.
11.04.2026 — Marks : 70

Name ........................................................................................
ID No ........................................................................................
House Name ...............................................................................
Division ....................................................................................
Parish ........................................................................................

| Written Exam | |
|---|---|
| 70 | |
| **Viva Exam** | |
| 20 | |
| **Total Marks** | |
| 90 | |

**ശരിയായ ഉത്തരത്തിന് ☑ ചിഹ്നം രേഖപ്പെടുത്തുക.** (10 x 1 = 10)

1 നമ്മുടെ വിശ്വാസ ജീവിതത്തിന്റെ അടിസ്ഥാനമായ ദൈവികവെളിപാടിന്റെ ഉറവിടമാണ്.
☐ ദൈവവചനം ☐ കൂദാശകൾ ☐ കൂട്ടായ്മകൾ

2 മാമ്മോദീസായും തൈലാഭിഷേകവും വി. കുർബാനയും ഒന്നിച്ച് പരികർമ്മം ചെയ്തിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത് ആരുടെ കൃതിയിലാണ്?
☐ വി. ബേസിൽ ☐ വി. ഹിപ്പോളിറ്റസ് ☐ ലെയോ XIII-ാമൻ പാപ്പ

3 ദൈവരാജ്യത്തിനായി കുഞ്ഞുങ്ങളെ മുദ്ര വയ്ക്കുന്ന കർമ്മമായി മാമ്മോദീസായെ കാണുന്ന സഭാപിതാവാണ്.
☐ മാർ അപ്രേം ☐ മാർ ശെമയോൻ ☐ വി. ഗ്രിഗരി

4 അനുരഞ്ജന കൂദാശ, രോഗീലേപനം എന്നി കൂദാശകൾ പാപമോചനവും സൗഖ്യവും നൽകുന്നതിനാൽ ഇവയെ വിളിക്കുന്നത്.
☐ പ്രവേശക കൂദാശകൾ ☐ സൗഖ്യദായക കൂദാശകൾ ☐ ശുശ്രൂഷക കൂദാശകൾ

5 പാപത്തിന്റെ വഴികളെ പൂർണ്ണമായും ഉപേക്ഷിച്ച് ഈശോയുടെ വഴിയിലേക്കു തിരിച്ചുവരാനുള്ള മനോഭാവമാണ്.
☐ പ്രതിജ്ഞ ☐ മനഃസ്താപം ☐ പ്രായശ്ചിത്തം

6 പിതാവായ ദൈവം പരിശുദ്ധാത്മാവിലൂടെ സഭയ്ക്ക് നൽകുന്ന ദാനമാണ്.
☐ ദൈവവിളി ☐ സന്യാസം ☐ രോഗീശുശ്രൂഷ

7 സഭയുടെ പ്രേഷിത ദൗത്യത്തിൽ പങ്കുചേർന്ന് നാമും ഈശോയ്ക്ക് സാക്ഷികളാകണമെന്ന് നമ്മെ അനുസ്മരിപ്പിക്കുന്ന കാലമാണ്.
☐ പള്ളിക്കൂദാശക്കാലം ☐ ഉയിർപ്പുകാലം ☐ ശ്ലീഹാക്കാലം

8 ഈശോയ്ക്ക് സഭയോടുള്ള സ്നേഹവും സഭയ്ക്ക് ഈശോയോടുള്ള വിധേയത്വവും സൂചിപ്പിക്കുന്ന കൂദാശയാണ്.
☐ വിവാഹം ☐ തിരുപ്പട്ടം ☐ വി. കുർബാന

9 മാർത്തോമാ ക്രിസ്ത്യാനികളുടെ വൈദിക ശുശ്രൂഷക്ക് ബ്രഹ്മചര്യം നിർബന്ധമാക്കിയ സൂനഹദോസാണ്
☐ നിഖ്യാ സൂനഹദോസ് ☐ ഉദയംപേരൂർ സൂനഹദോസ് ☐ വത്തിക്കാൻ സൂനഹദോസ്

10 മാർത്തോമാ ക്രിസ്ത്യാനികൾക്ക് ചരിത്രത്തിൽ ആദ്യമായി അവരുടെ സ്വന്തം സമുദായത്തിൽ നിന്നും ലഭിച്ച മലയാളിയായ മെത്രാനാണ്.
☐ പറമ്പിൽ ചാണ്ടി മെത്രാൻ ☐ മാർ ജോസഫ് സെബസ്ത്യാനി
☐ മാർ അലക്സിസ് മെനേസീസ്

**ഒരു വാക്കിൽ ഉത്തരമെഴുതുക.** (5 x 2 = 10)

11 പുത്തൻപാനയുടെ രചയിതാവ് ആരാണ്?

12 പതിനഞ്ച് നോമ്പ് ആചരണത്തിന് വളരെ പ്രശസ്തമായ കോതമംഗലം രൂപതയിലെ ദൈവാലയം ഏതാണ്?

13 അമ്പത് നോമ്പാചരണം നമ്മുടെ കർത്താവിന്റെ ജീവിതത്തിന്റെ ഏത് സംഭവത്തെ അടിസ്ഥാനമാക്കിയാണ്?

14 സുവിശേഷകന്മാരിൽ യേശുവിന്റെ ശിഷ്യന്മാർ ആരൊക്കെയാണ്?

15 മാർത്തോമാശ്ലീഹ കേരളത്തിൽ സ്ഥാപിച്ച സഭാസമൂഹങ്ങൾ അറിയപ്പെടുന്നത്.

**ചേർത്തെഴുതുക.** (5 x 1 = 5)

| | A | | B |
|---|---|---|---|
| 16 | മിശിഹാ | ............................................................. | അങ്കമാലി പടിയോല |
| 17 | എസ്തപ്പാനോസ് | ............................................................. | വർത്തമാന പുസ്തകം |
| 18 | മാർ അപ്രേം | ............................................................. | അഭിഷിക്തൻ |
| 19 | പാറേമാക്കൽ തോമ്മാകത്തനാർ | ............................................................. | സഭയുടെ ഗർഭപാത്രം |
| 20 | കരിയാറ്റിൽ മെത്രാപ്പോലീത്ത | ............................................................. | രക്തസാക്ഷി |

**വചനം പൂർത്തിയാക്കുക.** (3 x 3 = 9)

21 "നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ...............................................................

.............................................................................................................................................

............................................................................................ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ. 20:23).

22 "നിങ്ങളിൽ ഓരോവ്യക്തിയും തന്നെപ്പോലെ തന്നെ.............................................................................

.............................................................................................................................................

............................................................................................ ബഹുമാനിക്കുകയും വേണം" (എഫേ. 5:33).

23 "നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ പോയി...........................................................................

.............................................................................................................................................

............................................................................ പിന്നെ വന്ന് എന്നെ അനുഗമിക്കുക" (മത്താ. 19:21).

**താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.** (4 x 4 = 16)

24 സഭാവത്സരത്തിലെ ഉയിർപ്പുകാലത്ത് നാം അനുസമരിക്കുന്ന കാര്യങ്ങൾ തയ്യാറാക്കുക.

25 സൗഖ്യ കൂദാശകൾ നമ്മുടെ ജീവിതത്തെ ഏങ്ങനെ സ്വാധീനിക്കുന്നു? അവ നമ്മുടെ മനോഭാവത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുന്നു? ഒരു കുറിപ്പ് തയ്യാറാക്കുക.

26 പൗരോഹിത്യ ശുശ്രൂഷയുടെ ശ്രേഷ്ഠതയെപ്പറ്റി വിവരണം തയ്യാറാക്കുക.

27 ദാമ്പത്യജീവിതത്തിൽ പ്രശ്നങ്ങൾ അഭിമുഖികരിക്കുന്ന ഒരു കുടുംബത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ ഒരു പ്രാർത്ഥന തയ്യാറാക്കുക.

**ഉത്തരമെഴുതുക.** (4 x 5 = 20)

28 ഉയിർപ്പുകാല ത്രിസന്ധ്യാ ജപം.

29 ജപമാലയിലെ മഹിമയുടെ രഹസ്യങ്ങളിലെ അവസാനത്തെ മൂന്ന് രഹസ്യങ്ങൾ എഴുതുക.

30 "കൂനൻകുരിശ് സത്യം" ഉണ്ടാകാനുള്ള പശ്ചാത്തലവും അതിന്റെ പരിണിതഫലവും വിവരിക്കുക.

31 ഉദയംപേരൂർ സൂനഹദോസ് നസ്രാണി ക്രിസ്ത്യാനികളുടെ അനുഷ്ഠാനക്രമത്തിലും ധാർമ്മിക ജീവിതത്തിലും വിശ്വാസ ജീവിതത്തിലും വരുത്തിയ മാറ്റങ്ങൾ ഏതെല്ലാം?